## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

12.10.2011-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2819

# പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ നടപ്പു വർഷത്തെ പദ്ധതി സംബന്ധിച്ച ചർച്ചകളിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് ഏതു വിധത്തിലായിരുന്നു എന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാന ഗവൺമെന്റ് 11030 കോടി രൂപയുടെ പദ്ധതി അടങ്കൽ സമർപ്പി ച്ചിരുന്നു എന്നാൽ പദ്ധതി അടങ്കലിൽ 980 കോടി രൂപ വർദ്ധിപ്പിച്ച് 12010 കോടി രൂപ അനുവദിച്ചു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി നടത്തിപ്പിലും പദ്ധതി വിഹിതം ചെലവഴിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ ; എങ്കിൽ ആയത് കേന്ദ്ര ഗവൺമെന്റുമായുള്ള ചർച്ചകളിൽ കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിൽ തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നോ ; | (ബി) പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചിട്ടില്ല. |
| (സി) കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ ; | (സി) നടപ്പു വർഷത്തെ (2011-12) പുതുക്കിയ പദ്ധതിയുടെ സ്കീം, വിഹിതം ഇവ തയ്യാറാക്കി വരുന്നതേയുള്ളൂ. |

(ഡി) സാമ്പത്തിക വർഷത്തിന്റെ പകുതിയായ സ്ഥിതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(ഡി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പദ്ധതികളുടെ നിർവ്വഹണം സംബന്ധിക്കുന്ന പുരോഗതി വിലയിരുത്താറുണ്ട്. ഈ യോഗത്തിൽ സംസ്ഥാന പദ്ധതികൾ കൂടാതെ വിദേശ സഹായ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, ഫ്ലാഗ്ഷിപ്പ് പദ്ധതികൾ, ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതികൾ, പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ തുടങ്ങിയവയുടെ അവലോകനം നടത്താറുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിലേയ്ക്കായി ജി.ഒ.(ആർ.റ്റി)നം.128/11/പ്ലാനിംഗ് തീയതി 30.4.2011 പ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയും ഉൾപ്പെടുന്ന കമ്മിറ്റി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രധാനപ്പെട്ട പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് യൂണിറ്റ് ജി.ഒ.(എം.എസ്)നം.50/11/പ്ലാനിംഗ് തീയതി 4.10.2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ